**കലേർദോഷനിധേ രാജന്നസ്തി ഹ്യേകോ മഹാൻ ഗുണ:**
**കീർത്തനാദേവ കൃഷ്ണസ്യ മുക്തസംഗ: പരം വ്രജേത് (12-3-51)**
**കൃതേ യദ്ധ്യായതോ വിഷ്ണും ത്രേതായാം യജതോ മഖൈ:**
**ദ്വാപരേ പരിചര്യായാം കലൌ തദ്ധരികീർത്തനാത് (12-3-52)**

*ശുകമുനി തുടർന്നു:*

നൻമനിറഞ്ഞ ഭൂമി ദുഷ്ടരാജാക്കൻമാരെ നോക്കി സഹതപിച്ചു പറയുന്നു. "ഈ വിഡ്ഢിമനുഷ്യരുടെ വിചാരം അവർക്ക് എന്നെ കീഴടക്കാമെന്നത്രെ. മനുഷ്യൻ പലപ്പോഴും ആത്മനിയന്ത്രണം നടത്തുന്നത് മറ്റുള്ളവരെ ആക്രമിച്ച് കീഴടക്കുവാനാണ്. എന്നിട്ട് തുടർച്ചയായി സാമ്രാജ്യവിസ്തൃതി കൂട്ടാമെന്നാണ് വിചാരം. ആത്മനിയന്ത്രണം ആത്മജ്ഞാനസമ്പാദനത്തിനാണെന്നവർക്കറിയില്ല. എത്ര ശുഷ്ക്കമാണവരുടെ വീക്ഷണം. മരണം എപ്പോഴും അവനെ വിഴുങ്ങാൻ തയ്യാറായി നിൽക്കുകയാണെന്നവൻ മനസ്സിലാക്കാത്തതെന്തേ? എത്ര വീരരാജാക്കൻമാർ എന്നെ കീഴടക്കാൻ പരിശ്രമിച്ചു? എന്നാൽ അവസാനത്തെ പൊട്ടിച്ചിരി എനിക്കു തന്നെയായിരുന്നു. അവരെല്ലാം ഓരോ കഥകൾ മാത്രം ബാക്കിവച്ചിട്ട് അപ്രത്യക്ഷരായിക്കഴിഞ്ഞിരിക്കുന്നു. അവരിൽ ചിലരുടെ കഥകൾ ഞാൻ അങ്ങയോടു പറഞ്ഞുതന്നത് അത്തരം ജീവിതത്തോട് അങ്ങേയ്ക്ക് വെറുപ്പുളവാക്കുവാനാണ്. കാരണം ഭഗവാനെക്കുറിച്ചുള്ള കഥകൾ മാത്രമേ കേൾക്കാനും ധ്യാനിക്കാനും കൊള്ളാവുന്നതായിട്ടുള്ളു.

ഓരോരോ യുഗങ്ങളിലുമുള്ള ധർമ്മങ്ങളെപ്പറ്റി വിശദീകരിക്കാൻ പരീക്ഷിത്താവശ്യപ്പെട്ടതനുസരിച്ച് ശുകമുനി തുടർന്നു.: സത്യയുഗത്തിൽ ധർമ്മത്തിനു നാലു കാലുകളുണ്ടായിരുന്നു. സത്യം, ദയ, തപസ്സ്, സർവ്വചരാചരങ്ങളോടും പ്രേമപൂർവ്വം സേവചെയ്യൽ, എന്നിവ. ത്രേതായുഗത്തിൽ ഇവയെല്ലാം അധർമ്മത്തിൻെറ സ്വാധീനത്തിൽ നശിച്ചു. ദ്വാപരയുഗത്തിൽ പകുതി കാലുകൾ ഇല്ലാതായി. കലിയുഗത്തിൽ നാലിൽ മൂന്നും നഷ്ടമായി. കലിയുഗത്തിൽ ബാക്കിയുള്ള ഒരു കാലിൻെറ ശക്തിയും നാശോൻമുഖമാവും. സത്യയുഗത്തിൽ സത്വം പ്രബലമായിരിക്കും. ത്രേതായുഗത്തിൽ രജസ്സ് പ്രബലം. ദ്വാപരയുഗത്തിൽ രജസും തമസും പ്രബലത യാർജ്ജിക്കും. കലിയുഗത്തിൽ തമസ്സാണ് പ്രബലമായിരിക്കുക. സ്ത്രീകൾ പാതിവ്രത്യം തെറ്റിക്കും. പുരോഹിതൻമാർ പോലും സമ്പത്തിനും സുഖത്തിനും വേണ്ടി ജീവിക്കും. സ്ത്രീകൾ സ്ത്രൈണത വെടിഞ്ഞ് പരുഷമായ പെരുമാറ്റം തുടങ്ങും. ഭൃത്യർക്ക് തങ്ങളുടെ യജമാനൻമാരോട് കൂറില്ലാതാവും. യജമാനൻമാരാകട്ടെ ആരോഗ്യം നശിച്ച ഭൃത്യരെ ഉപേക്ഷിക്കുകയും ചെയ്യും. അതുപോലെ പാലു തരാത്ത പശുവിനെ പട്ടിണിക്കിടും. യോഗ്യതയില്ലാത്തവർ താപസികളായിനടിച്ച് ജീവിതായോധനം നടത്തും. ധർമ്മത്തെപ്പറ്റി വിവരമില്ലാത്തവൻ മറ്റുള്ളവരെ ധർമ്മം പഠിപ്പിക്കും. കേവലം ചെറിയ തുകയ്ക്കുവേണ്ടി മനുഷ്യൻ മനുഷ്യനെ കൊല്ലും. അത്യാഗ്രഹികളായ അഛൻമാർ മക്കളെ തള്ളിപ്പറയും. നന്ദിയില്ലാത്ത മക്കളോ, അച്ഛനമ്മമാരെ പരിചരിക്കുന്നതിൽ വീഴ്ച വരുത്തും. ഇതിലെല്ലാമുപരി ജനം വിഷ്ണുപൂജയ്ക്കു വിഘ്നം വരുത്തും. വിശ്വത്തിലെ ഏറ്റവും ഉന്നതനായ ആരധനാമൂർത്തിയാണല്ലോ ഭഗവാൻ വിഷ്ണു. എപ്പോഴാണോ ഭഗവാൻ മനുഷ്യഹൃദയത്തിലാസനസ്ഥനാവുന്നത്, അപ്പോൾ മാത്രമേ കലിയുഗകൻമഷങ്ങൾ ലോകത്തിൽനിന്നും മറയുകയുള്ളു. മരണക്കിടക്കയിലുള്ള ഒരുവൻ നിസ്സഹായനായി അവിടുത്തെ നാമമുരുവിടുന്നതായാൽ ഭഗവാൻ അവനെ തൻെറ സവിധമണയ്ക്കുന്നു.

എന്നാൽ ഇതൊക്കെയാണെങ്കിലും കലിയുഗത്തിൽ ഒരു മഹത്തായ രക്ഷാമാർഗ്ഗമുണ്ട്. ഭഗവാൻ ഹരിയുടെ നാമോച്ചാരണം ഒന്നുകൊണ്ടു മാത്രം ഒരുവന് പരമപദം പൂകാനാവും. സത്യയുഗത്തിൽ ഭഗവദ്ധ്യാനം കൊണ്ടു മാത്രം സാദ്ധ്യമായിരുന്നതെന്തോ, ത്രേതായുഗത്തിൽ യജ്ഞാദികൾകൊണ്ടു സാദ്ധ്യമായിരുന്നതെന്തോ, ദ്വാപരയുഗത്തിൽ നിസ്വാർത്ഥസേവനംകൊണ്ടു സാദ്ധ്യമായതെന്തോ, അത് കലിയുഗത്തിൽ ഭഗവദ് നാമോച്ചാരണം കൊണ്ട് ക്ഷിപ്രസാദ്ധ്യമാവുന്നു.